പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 839** **24-06-2026-ൽ മറുപടിയ്ക്ക്**

**ഭവനരഹിതർക്ക് സഹായപദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. നാട്ടകം സുരേഷ്
ശ്രീ. സിറിയക് തോമസ്
ശ്രീ. റോണി. കെ. ബേബി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഭവനരഹിതരുടെ കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; ലൈഫ് മിഷൻ വഴി ഭവനനിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്തവർക്ക് തുടർസഹായം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതരുടേയും ഭൂരഹിത ഭവനരഹിതരുടേയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ലൈഫ് ഭവനപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ പുരോഗതിക്കനുസരിച്ച് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർഗഡുക്കൾ അനുവദിക്കുന്നുണ്ട്.

**(ബി)** താഴ്ന്ന വരുമാനക്കാർക്കും ദുർബല വിഭാഗങ്ങൾക്കും ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

**മറുപടി:** നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(സി)** നഗര- ഗ്രാമ പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഭവനരഹിതർക്കുള്ള സഹായപദ്ധതികളിലെ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോ; കേന്ദ്ര- സംസ്ഥാന സംയുക്ത പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ?

**മറുപടി:** ഉണ്ട്.

കേന്ദ്ര- സംസ്ഥാന സംയുക്ത പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

i)പ്രധാനമന്ത്രി ആവാസ് യോജന (നഗരം)- PMAY(U).

മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്ന 4 ലക്ഷം രൂപയിൽ 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാരും, 50,000/- രൂപ സംസ്ഥാന സർക്കാരും, 2 ലക്ഷം രൂപ നഗരസഭകളും ലഭ്യമാക്കുന്നു.

ii)പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമിൺ)- PMAY(G).

മേൽ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റായി 1,20,000/- രൂപ 60:40 അനുപാതത്തിൽ 72000/- & 48000/- രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. ലൈഫ് പദ്ധതിയുടെ ഭാഗമായി PMAY-G ഗുണഭോക്താക്കളിൽ SC, ST, ജനറൽ വിഭാഗങ്ങൾക്ക് 4,00,000/- രൂപയും പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6,00,000/- രൂപയുമാണ് ആകെ ധനസഹായമായി അനുവദിക്കുന്നത്. ഇതിൽ ഉൾപ്പെടുന്ന പിഎംഎവൈ ജൻമൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**